# OFF / CENTRE
# ON / STAGE

## അരികുകളിൽ വേദിയിൽ

### 1970-കളിലെ ദുബൈ രംഗങ്ങൾ

Curated by Todd Reisz

ART JAMEEL



**1978 / WTCTR / SF02**

മണൽ നിറഞ്ഞ ഭൂപ്രതലത്തിൽ നിന്ന് ഉയരത്തിൽ കെട്ടി ഉയർത്തിയ സ്വന്തം തറനിലയോടുകൂടിയ വിധത്തിലാണ് വേൾഡ് ട്രേഡ് സെന്റർ രൂപകല്പന ചെയ്തത്. ഉയർന്ന തറ നിർമിക്കാൻ കരാർ എടുത്തവർക്ക് അത് ഒരു വ്യതിരിക്തമായ അനുഭവമായിരിക്കണം. ബംഗ്ലാവുകൾക്കും തമ്പുകൾക്കും ഇടയിലൂടെ വഴിയുണ്ടാക്കി തൊഴിലാളികൾ റാമ്പ് കയറി പുതിയൊരു ചാരവർണ പ്രതലത്തിലേക്ക് കയറണം. ജോലിയും ജീവിതവും വ്യത്യസ്ത ഉന്നതികളിൽ സംഭവിച്ചു. രണ്ടും തമ്മിലുള്ള വൈരുദ്ധ്യം ദിനേനെ വർധിക്കുന്നതരത്തിൽ.



**1978 / WTCTR / SF04**

വേൾഡ് ട്രേഡ് സെന്റർഅപാർട്മെന്റിൽനിന്ന് കടൽത്തീരത്തേക്കുള്ള കാഴ്ച. അബൂദാബി റോഡിനും ജുമൈറയിലെ ഫാൻസി വില്ലകൾക്കുമിടയിൽപെട്ടെന്ന് തട്ടിക്കൂട്ടിയ വീടുകൾകാണാം. കാർത്തൂനിൽഉണ്ടാക്കിയവയേക്കാൾമെച്ചപ്പെട്ടവയാണ് അവ. ദുബൈയിലെ ഏറ്റവും താഴെക്കിടയിലുള്ളവരാണ് പക്ഷെ അവിടെ താമസിക്കുന്നത്. മറച്ചുകെട്ടിയ മണൽനിരത്തുകൾകൃത്യമായി സംവിധാനിച്ച ബ്ലോക്കുകളായി തിരിച്ചിരിക്കുന്നു.





**1977 / WTCTR / MH04**

വേൾഡ് ട്രേഡ് സെന്ററിന്റെ പകുതി ഉയരം മുഴുവനായപ്പോൾ, റാഷിദ് തുറമുഖത്തിന്റെ മുകളിൽ വട്ടമിടുകയായിരുന്ന വിമാനത്തിൽ നിന്നു പകർത്തിയ ചിത്രം. ഈ സൗധസമുച്ചയും ആദ്യമായി നിർദ്ദേശിക്കപ്പെട്ടപ്പോൾ അതു വിഭാവന ചെയ്യപ്പെട്ടിരുന്നത് ഒരു ബ്രോഷറിൽ വിശേഷിപ്പിച്ചതുപോലെ "പുതിയ അന്താരാഷ്ട്ര വ്യാപാരസ്ഥലം" എന്നായിരുന്നു. റാഷിദ് തുറമുഖത്തെ താമസ സ്ഥലങ്ങളെ സജ്ജമാക്കുകയും മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്ന ഇടം എന്ന നിലയിൽ.



**1977 / WTCTR / SF03**

ലോക വ്യാപാരകേന്ദ്രത്തിന്റെ പണിയിലേർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി ദുബൈ കടലിടുക്കിൽ നിന്ന് കിലോമീറ്ററുകളോളം താൽക്കാലിക ഗ്രാമം സജ്ജീകരിച്ചിരിക്കുന്നു. അധികം തൊഴിലാളികൾക്കും കടലിടുക്കിലെ നിർമിത നഗരം ഒരുനോക്കുകാണാൻ അപൂർവമായേ അവസരം കിട്ടിയിരിക്കാനിടയുള്ളൂ. ഭാഗ്യമുള്ള തൊഴിലാളികൾക്ക് ബംഗ്ലാവുകളും ബാരക്കുകളും ഉണ്ട്. ഭാഗ്യം കുറഞ്ഞവർക്ക് കാൻവാസ് തമ്പുകളും. ജോൺ. ആർ ഹാരിസ് & പാർട്ട്ണേർസിന്റേയും മറ്റു ഉപദേഷ്ടാക്കളുടെയും ഓഫീസുകളാണ് മുൻവശത്ത്. സമുച്ചയത്തിന്റെ പണിപൂർത്തിയാവുന്നതോടെ ബാരക്കുകളും തമ്പുകളും പൊളിച്ചുമാറ്റും.



### 1978 / WTCTR / SF06

1978 ഫെബ്രുവരിയിൽ ബ്രിട്ടീഷ് രാജാവ് ഈ സമുച്ചയം ഔദ്യോഗികമായി തുറന്നു കൊടുക്കാൻ ഒരുവർഷംകൂടി ബാക്കിയുണ്ടായിരുന്നു. ഇടതുഭാഗത്തുള്ള ഹിൽട്ടൺ ഹോട്ടൽ ഈ ഫോട്ടോ എടുത്ത് ഒരു മാസം കഴിഞ്ഞാണ് ഉദ്ഘാടനം ചെയ്യുന്നത്. ടവറും പ്രദർശന കേന്ദ്രവും തയാറായി കഴിഞ്ഞു. സാധന സാമഗ്രികൾ വെച്ചുകൊണ്ടിരിക്കുകയാണ്. മുൻവശത്ത് പ്ലാസ്റ്റിക് ചെരിപ്പ് ധരിച്ച തൊഴിലാളി അവസാനത്തെ മിനുക്കുപണിയായി മണൽ വിരിച്ച തറയിൽ ടൈൽസ് പാകുകയാണ്. സമുച്ചയത്തിനകത്തേക്ക് വാഹനങ്ങൾ വരുന്നതിനുള്ള പ്രധാന പ്രവേശന മാർഗങ്ങളാണ് രണ്ടു റാമ്പുകൾ.





### 1977 / WTCTR / MH02

വേൾഡ് ട്രേഡ് സെന്റർ ടവറിൽനിന്ന് ഒരു നിർമാണത്തൊഴിലാളി ഗൾഫ് സമുദ്രത്തിലേക്ക് നോക്കി നിൽക്കുകയാണ്. രണ്ടിനുമിടയിൽ അനൗപചാരിക വസതികൾ നീണ്ടുകിടക്കുന്നു. വ്യാപാരകേന്ദ്ര നിർമാണ സ്ഥലത്ത് ഹെൽമറ്റ് ധരിച്ച തൊഴിലാളിയെ കാണുക അപൂർവമാണ്. കമ്പികളും മരപ്പലകകളും സൂചിപ്പിക്കുന്നത് ടവറിന്റെ ഏറ്റവും മുകളിലത്തെ നില കോൺക്രീറ്റ് ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് തൊഴിലാളി എന്നത്രെ.



### 1978 / WTCTR / SF05

വേൾഡ് ട്രേഡ് സെന്റർ സമുച്ചയത്തിൽ തൊഴിലാളികൾക്കുവേണ്ടി നിർമിച്ച മുറികളിൽ കിടക്കകളും മറ്റു ഫർണിച്ചറും ഒരുക്കിയിട്ടുണ്ട്. 'യു.എ.ഇ. ലാബർ അക്കമൊഡേഷൻസ്' ലഘുലേഖയിൽ ചിത്രീകരിച്ച റൂമുകളെയാണ് ഇതോർമിപ്പിക്കുന്നത്. നേർത്ത പലകകൾ കൊണ്ടുണ്ടാക്കിയ ഫർണിച്ചറും വീതി കുറഞ്ഞ കിടക്കകളുമാണ് അതിലുള്ളത്. തൊഴിലാളികൾക്ക് അവരുടെ പദവി ശ്രേണി അനുസരിച്ച് രണ്ടുപേർക്ക് കിടക്കാവുന്ന ഈ മുറിയിൽ ഒരിടം ലഭിക്കും. തമ്പിൽ കൂടുന്നതിനേക്കാൾ മെച്ചമല്ലേ ഇത്?



**1977 / WTCTR / SF02**

അസാധാരണമാംവിധ തെളിഞ്ഞ നീലാകാശമുള്ള ഒരു ദിനത്തിലെ വ്യാപാരകേന്ദ്രം. അഗ്നിബാധയുണ്ടാവുമ്പോൾ രക്ഷപ്പെടാനുള്ള ലോഹഗോവണികൾ സ്ഥാപിച്ചിട്ടില്ല. പതിമൂന്നാമത്തെ നിലയിൽനിന്ന് പുറത്തേക്ക് പലകകൾ നീട്ടിയിട്ടിരിക്കുന്നു. അപകടം പിടിച്ച എന്തോ മിനുക്കുപണി അവിടെ ആസൂത്രണം ചെയ്തിട്ടുണ്ട്.



**1977 / WTCTR / SF07**

താഴെയുള്ള ലോകവ്യാപാരകേന്ദ്ര റൗണ്ട് എബൗട്ടിന്റെ ആഗമന, നിർഗമന മാർഗങ്ങൾ ടവറിന്റെ മുകളിൽ നിന്നു നോക്കുമ്പോൾ വളവുകളുടെയും നേർപാതകളുടെയും വിത്യാസം വെളിപ്പെടുത്തുന്നു.



**1977 / WTCTR / SF05**

വേൾഡ് ട്രേഡ് സെന്റർ കോംപ്ലക്സിനുള്ള വേദി നിർമാണ സ്ഥലം സമീപമുള്ള പാർപ്പിട സമുച്ചയങ്ങളിൽ നിന്നുള്ള ദൃശ്യം. മുൻഭാഗത്ത് പാചകത്തൊഴിലാളിയുടെ പണിസ്ഥലം പോലെ സംവിധാനിച്ച ഒരിടം. ഓരോ നിലക്കും ആവശ്യമായ ഓരോതരം നിർമാണ പ്രവർത്തനത്തിനുള്ള നിർമാണ വസ്തുക്കൾ തയ്യാറാക്കുന്ന സ്ഥലം ആണിത്.





**1977 / WTCTR / MH03**

ടവറിന്റെ അന്നത്തെ ഏറ്റവും മുകളിലത്തെ നില കോൺക്രീറ്റ് ചെയ്യുന്നതിനായി മരത്തടി കൊണ്ടുള്ള ചട്ടക്കൂട് തയ്യാറാക്കുകയാണ് നിർമാണ തൊഴിലാളികൾ. ഒരു ടീം. കോൺക്രീറ്റിന്റെ ഉൾഭാഗം തയ്യാറാക്കുന്നു. വേറൊരു ടീം പുറത്തേക്കുള്ള ചട്ടക്കൂട് ഒരുക്കുന്നു. മൂന്നാമത്തെ ടീം കോൺക്രീറ്റ് നിരത്തി രണ്ടും തമ്മിൽ നികത്തി യോജിപ്പിക്കുന്നു. മൂന്നു ടീമുകളും ചേർന്ന് ഓരോ പത്ത് ദിവസം കൂടുമ്പോഴും ഓരോ നിലയുടെ പണി പൂർത്തിയാക്കുന്നു.



**1977 / WTCTR / MH05**

നൂറുകണക്കിന് കൺസൽട്ടിംഗ് കമ്പനികളുടെ പ്രതിനിധികൾ വ്യാപാരകേന്ദ്രത്തിൽ കരാറിലേർപ്പെട്ടു. കേന്ദ്രത്തിന്റെ പണി പൂർത്തിയാവാത്ത നിലകൾ ഭാവി പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾക്കുള്ള അവസരങ്ങൾ തുറന്നിട്ടു. ഒരു നേട്ടം കൂടുതൽ നേട്ടങ്ങൾക്കുള്ള ക്ഷണങ്ങളാണ്.



**1977 / WTCTR / SF01**

ഓരോ പത്തു ദിവസം കൂടുമ്പോഴും നിലകളുടെ എണ്ണം വർധിക്കുന്നതിനാൽ താഴെ ഒരു സംഘം തൊഴിലാളികൾ പണിക്കാർക്ക് ചവിട്ടി നിൽക്കാനുള്ള വേദി വലുതാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തവണ കോൺക്രീറ്റുകല്ലുകളിൽ ഇറക്കുമതി ചെയ്ത വെളുത്തതോ ഇളം നിറത്തിലുള്ളതോ ആയ ടൈലുകൾ പതിക്കുന്ന പണിയിലാണ്.



**1978 / WTCTR / SF01**

1970കളുടെ ആദ്യത്തിൽ പൂർത്തീകരിച്ച ദുബൈ നാഷനൽ ബാങ്കിന്റെയും റാഷിദ് ആശുപത്രിയുടെയും സമീപത്ത് രാത്രി കെട്ടിടം പ്രകാശപൂരിതമായിരിക്കേണ്ടതിന്റെ പ്രാധാന്യം ഹാരിസ് കമ്പനി മനസ്സിലാക്കി. നെതർലാന്റ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഫിലിപ്സ് കമ്പനി വേൾഡ് ട്രേഡ് സെന്ററിന്റെ പുറത്തെ പ്രകാശം സവിധാനം ഡിസൈൻ ചെയ്തു. ബഹുവർണ പ്രകാശത്തിൽ ടവർ കുളിച്ചുനിൽക്കും വിധം കാണാനുള്ള സംവിധാനം അവർ അതിൽ ഉൾപ്പെടുത്തിയിരുന്നു. വെളിച്ചം കൊണ്ടുള്ള അടയാളങ്ങളൊന്നുമില്ലാതെ ദുബൈയുടെ ആ പ്രകാശ വീചി എല്ലാ തലത്തിലും പ്രകാശപൂരിതമായി.





**1977 / WTCTR / SF06**

അധികം തൊഴിലാളികളും ടിഫിൻ ബോക്സുകളിൽ സ്വന്തമായി ഭക്ഷണം കൊണ്ടുവരികയാണ് പതിവ്. പേപ്പർ പ്ലേറ്റുകളും ഒഴിഞ്ഞ സോഡാകുപ്പികളും ഇതൊരു സാധാരണ ഭക്ഷണ ഇടവേള അല്ല എന്നു വ്യക്തമാക്കുന്നു. പ്രൊജക്ടിന്റെ ഒരു ഘട്ടം പൂർത്തീകരിച്ചതിന്റെ ആഘോഷമാണെന്നാണ് ഫോട്ടോയിൽ നിന്നു വ്യക്തമാവുന്നത്. തൂണുകളുടെ ദൃശ്യം നൽകുന്ന സൂചന ടവറിന്റെ ഏറ്റവും ഉയർന്ന ഭാഗമാണ് സംഗമസ്ഥാനം എന്നാണ്.



**1976 / WTCTR / MH01**

ലുങ്കിയും വള്ളിച്ചെരുപ്പുകളും ധരിച്ച തൊഴിലാളികൾ ലോകവ്യാപാരകേന്ദ്രത്തിന്റെ തറനിരപ്പിൽ എത്തുന്നു. കൈയിലുള്ള പ്ലാസ്റ്റിക്ക് സഞ്ചികളിൽ കരുതിയിരിക്കുന്നത് ഉച്ചഭക്ഷണം ആവാം.



**1978 / WTCTR / SF03**

വേൾഡ് ട്രേഡ് സെന്റർ പ്രൊജക്ടിനോട് പിന്നീട് കൂട്ടിച്ചേർത്തതാണ് മൂന്ന് പാർപ്പിട ബ്ലോക്കുകൾ. മറ്റു സൗധ സമുച്ചയത്തിൽ നിന്ന് അല്പം അകലെയായാണ് അത് ഒരുക്കിയിരിക്കുന്നത്. ഭാവിയിൽ ഉണ്ടാകാവുന്ന വികസനം കണക്കിലെടുത്താവാം അത്. ആഡംബര വസതികൾ എന്ന നിലയിൽ മാർക്കറ്റ് ചെയ്യപ്പെട്ട ഇവയിൽ സമുച്ചയത്തിലെ ഹിൽട്ടൺ ഹോട്ടലിലെ സ്റ്റാഫ് ആണ് പൂർണമായും സേവനത്തിൽ ഏർപ്പെട്ടിരിക്കുന്നത്.



**1977 / WTCTR / SF04**

ഒന്നുമില്ലായ്മയിൽ നിന്ന് ഉയർന്നുവരുന്ന ഒന്നായാണ് ലോക വ്യാപാരകേന്ദ്രം മാർക്കറ്റ് ചെയ്യപ്പെട്ടത്. റാഷിദ് തുറമുഖത്തെയും പുതിയ വിമാനത്താവളത്തെയും ബന്ധിപ്പിക്കുന്ന സാമഗ്രി വിതരണ ശ്യംഖല കണിശമായി പരിഗണിച്ചാണ് ദുബൈയിലേക്ക് സാമഗ്രികൾ എത്തിച്ചത്. ആഫ്രിക്കയിൽനിന്നും യൂറോപ്പിൽ നിന്നുമായിരുന്നു സാധനങ്ങളുടെ വരവ്. സമുച്ചയത്തിന്റെ നിർമാണത്തിന് നിർമിക്കയും പൊളിക്കലുമെല്ലാം ആവശ്യമായിരുന്നു. അത്തരം പ്രവൃത്തികൾക്കുള്ള തെളിവാണ് കൂമ്പാരമാക്കി വച്ച കെട്ടിടാവശിഷ്ടങ്ങൾ. ഇവയെല്ലാം എന്തു ചെയ്തു എത്രത്തോളം അബൂദാബി റോഡിനപ്പുറത്തെ വീടുകൾ പണിയാൻ ഉപയോഗിച്ചു എന്നെല്ലാം ആർക്കും അതിശയം തോന്നാം.



**1978 / WTCTR / SF07**

അൽ-ഐൻ റോഡിൽ വച്ചാണ് താൻ ഈ ഫോട്ടോ എടുത്തതെന്ന് സ്റ്റീഫൻ ഫിഞ്ച് ഓർക്കുന്നു. ഒരു മണൽക്കുന്നിന്ന് ഫോട്ടോ എടുത്തതിനാൽ മുൻവശത്തിന്റെ ദൃശ്യം തെളിഞ്ഞുകിട്ടി. പ്ലൈവുഡ് കൊണ്ടുണ്ടാക്കിയ താൽക്കാലിക വസതികൾക്കെതിർവശത്ത് സാധനങ്ങൾ സൂക്ഷിക്കുന്നതിനും മറ്റും സമീപകാലത്ത് തയാറാക്കിയ കെട്ടിടം കാണാം. മരുഭൂമിയിൽ ശൈത്യകാല പച്ചപ്പ് പടർന്നിട്ടുണ്ട്.



**1980 / WTCTR / MH01**

ദുബൈ നിവാസികൾ ക്രിക്കറ്റ് കളിക്കുന്നത് തുറന്ന മരുഭൂമിയിൽ അല്ല. മറിച്ച് വേൾഡ് ട്രേഡ് സെന്ററിന്റെ ഭാവി വികസനത്തിനായി നീക്കിവെച്ച ഒരു കിലോമീറ്റർ നീണ്ടുകിടക്കുന്ന സ്ഥലത്താണ്. ഈ ഫോട്ടോ എടുക്കുന്ന സമയം ആവുമ്പോഴേക്കും ടവറിന്റെ പണി ശ്രദ്ധാപൂർവം പൂർത്തീകരിച്ചിരുന്നു. നേരത്തെ നിർമാണം പൂർത്തിയായ എടുപ്പുകൾ വെളുത്ത പെയ്ന്റ് അടിച്ചിരിക്കുന്നു. ദൂരെ നിന്നു കാണാൻ അതാണ് നല്ലത് എന്ന് ആരോ വിശ്വസിച്ചിരിക്കണം. ഇന്ന് എമിറേറ്റ് ടവറുകൾ നില്ക്കുന്നിടത്തു നിന്നാണ് മാർക്ക് ഹാരിസ് ഈ ചിത്രം പകർത്തിയത്.

## 1977_BSTKA_SF01



ബസ്താകിയയിലെ ഒരു ഭവനത്തിലെ മൂന്നു കുട്ടികൾ. 1977 വരെ ചരിത്ര സ്മാരകങ്ങളായ കല്പണി, പവിഴപ്പുറ്റ് ഗൃഹങ്ങളിൽ കുടുംബങ്ങൾ പാർത്തിരുന്നു. തുടക്കത്തിൽ ഈ വീടുകളിൽ അധികവും ഇറാനിൽ കുടുംബവേരുകൾ ഉള്ളവയായിരുന്നു. ഇവിടത്തെ ആദ്യകാല താമസക്കാർ ദുബൈ കടലിടുക്കിനപ്പുറമുള്ള ആധുനിക സൗകര്യങ്ങളോട്കൂടിയ വീടുകളിലേക്ക് ജീവിതം പറിച്ചുനട്ട ഒഴിവിൽ പിൽക്കാലത്ത് ഏഷ്യൻ കുടുംബങ്ങൾ ഇവിടെ വന്ന് കുടിപാർത്തു. ഇന്ന്, ഇറാൻ നഗരത്തിന്റെയും താലൂക്കിന്റെയും പേരിലറിയപ്പെട്ടിരുന്ന ബസ്താക്കിയ ഔദ്യോഗികമായി അൽ ഫാഹിദി എന്നറിയപ്പെടുന്നു.

## 1976 / DBCRK / MH02



ദേരയിലെ ചന്തകൾ ഒന്നോ രണ്ടോ നിലകളുള്ള കെട്ടിടങ്ങളെ സങ്കീർണമായ ബഹുനില മന്ദിരങ്ങളായി പരിവർത്തിപ്പിക്കുന്ന റിയൽ എസ്റ്റേറ്റ് ജ്വരത്തിനു വിധേയമായിട്ടുണ്ടായിരുന്നില്ല. കടനാമങ്ങൾ, ചിഹ്നങ്ങൾ, എഴുത്തു രീതികൾ എന്നിവ ദേരയെ നയിക്കുന്ന ആളുകളുടെ ഉല്പത്തിയിലേക്ക് സൂചന നൽകുന്നുണ്ട്. ഇമാറാത്തികൾ, ഇറാനികൾ, പാക്കിസ്ഥാൻകാർ, ബ്രിട്ടീഷുകാർ, പെപ്സി-കോള കുപ്പി നിറക്കുന്നതിനായി 1960-ൽ ഭൂമി സ്വന്തമാക്കി ദുബൈയിൽ തങ്ങളുടെ സർവ വ്യാപകത്വം സ്ഥാപിച്ചിരുന്നു.

## 1977 / DBCRK / MH01



ദുബൈ കടലിടുക്കിന്റെ ഒരു കരയിൽനിന്ന് മറുകരയിലേക്ക് 'അബ്ര' വഴിയുള്ള കടത്ത് കൂടുതൽ വേഗതയുള്ളതും ചെലവു കുറഞ്ഞതുമാണ്. തണുത്ത കാറ്റിനും അത് അവസരമൊരുക്കുന്നു. ഇന്നത്തെ വിനോദ സഞ്ചാരികളെപ്പോലെ അന്നത്തെ യാത്രക്കാരും യാത്ര വേഗം അവസാനിക്കാതിരിക്കട്ടെ എന്നാഗ്രഹിച്ചിരിക്കണം.



## 1976 / DBCRK / MH01




ദുബൈ കടലിടുക്കിനു സമീപം ദേരാ ചന്തയിൽ വീട്ടുസാമഗ്രി വില്പനക്കാർ കാറുകളും മോട്ടോർ ബൈക്കുകളും ഉന്തുവണ്ടികളും തിങ്ങിനിറഞ്ഞ മണൽനിരത്തോരത്ത് സ്ഥലം പിടിക്കാനുള്ള മത്സരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്.

## 1977 / DBCRK / SF04



ദേര ചന്തയ്ക്കുസമീപം ആളുകൾ 'അബ്ര'യിൽനിന്ന് ഇറങ്ങുന്നു. ബർദുബൈയിൽ നിന്നുള്ള ട്രിപ്പ് ഏതാനും മിനിറ്റുകളിൽ അധികം ഉണ്ടാവുകയില്ല. അതൊരു തരത്തിലുള്ള വിശ്രാന്തിയാണ്. കവിളിൽ കാറ്റിന്റെ തലോടൽ. മറുകരയിൽ എത്തിയാൽ 'അർബ'യുടെ അണിയം കോൺക്രീറ്റ് തറയിൽ ചെന്നിടിക്കും. ഇപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന യാനപാത്രത്തെ അതൊന്നു പിടിച്ചുകുലുക്കും. ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് കഴിയുന്നത്ര വേഗം പുറത്തുകടക്കാനുള്ള ഉണർത്തുവിളി. പിന്നിലുള്ളവനെ വൈകിപ്പിക്കരുത്. നിങ്ങൾക്ക് ശ്വാസമെടുക്കാൻ ഇഷ്ടംപോലെ സമയമുണ്ടെന്ന് വിചാരിക്കരുത്.



**1977 / BSTKA / MH01**


ബർ ദുബൈയിലെ ബസ്താകിയ ജില്ലയിൽ എത്തുന്ന വിനോദ സഞ്ചാരികൾക്കും അവിടത്തെ നിവാസികൾക്കും ഒരുപോലെ 'ബറജീൽ' അഥവാ കാറ്റുഗോപുരങ്ങളെ ക്യാമറയിൽ പകർത്തുന്നതിനെ ചെറുക്കാനായില്ല. പോയ നൂറ്റാണ്ടിന്റെ ആദ്യത്തിൽ ഇറാനിയൻ വർത്തക കുടുംബങ്ങളാണ് 'ബർജീൽ' ഇറക്കുമതി ചെയ്തത്. വസതികളുടെ മേൽക്കൂരക്കു മുകളിൽ നിന്ന് തണുത്ത കാറ്റ് പിടിച്ചെടുത്ത് വീടകങ്ങളിലേക്ക് കൊണ്ടുവരുന്ന സാങ്കേതിക വിദ്യ ആയിരുന്നു അത്. ഗോപുരങ്ങളുടെ ഉയരം കൂടുന്തോറും കാറ്റിന്റെ തണുപ്പ് വർധിക്കുകയും നഗരത്തിൽ നിന്നുള്ള പൊടിയുടെ അളവ് കുറയുകയും ചെയ്യും. ബർദുബൈയിലും ദേരയിലും ഉടനീളം ഈ വാസ്തുവിദ്യ സ്വീകരിച്ചിരുന്നു. പുതിയ കോൺക്രീറ്റ് നിർമിതികളുടെയും പഴയ കെട്ടിടങ്ങളുടെയും അവശിഷ്ടങ്ങളിൽ നിന്ന് മാർക് ഹാരിസ് അവശേഷിക്കുന്ന, ഉപയോഗരഹിതമായ 'ബറാജീലി'ന്റെ ചിത്രങ്ങൾ ഒപ്പിയെടുത്തിട്ടുണ്ട്. മുൻവശത്തു കാണുന്ന കൂറ്റൻ 'ബർജീൽ' വലതു ഭാഗത്തെ എയർ കണ്ടീഷൻ യൂനിറ്റ് വന്നതോടെ ഉപയോഗശൂന്യമായതാണ്.



**1977 / DBCRK / MH08**

ദുബൈ കടലിടുക്കിനു കുറേക്കൂടി മേലോട്ട് ആദ്യ ഭാഗത്തിനപ്പുറം ജലപാത കനാൽപോലെ ആക്കുന്നതിന് നേരത്തേ ബീച്ച് പോലെയുള്ള തീരത്തെ പുത്തൻ നിലമായി ഒരുക്കിയിരിക്കുന്നു. ഇവിടെ നിലവിലുണ്ടായിരുന്ന ടാറിട്ട തീര റോഡ് പുതിയ ഭൂമി വരെ നീട്ടി. ഏതാനും വർഷങ്ങൾക്കു മുമ്പു വരെ ദുബൈ കടലിടുക്കിൽ ഇടതു ഭാഗത്ത് കാണുന്നതുപോലെയുള്ള വലിയ കപ്പലുകൾ ഇത്രത്തോളം അടുപ്പിക്കാൻ കഴിയുമായിരുന്നില്ല. ഭൂമി നികത്തിൽ തുടക്കത്തിൽ റിയൽ എസ്റ്റേറ്റ് മഹാഭാഗ്യമായാണ് എഞ്ചിനീയർമാർ നടത്തിയിരുന്നത്. പക്ഷെ ഇതുവഴി കിട്ടിയ ലാഭം കാര്യമായും റോഡുകളും പാർക്കിംഗ് സ്ഥലങ്ങളും കാൽനടപ്പാതകളും ഉണ്ടാക്കുന്നതിനായി വിനിയോഗിച്ചു.





**1977 / DBCRK / SF02**

എവിടെ നിന്നാണ് ഈ ചിത്രം പകർത്തിയത് എന്നു പറയുക ബുദ്ധിമുട്ടാണ്. പശ്ചാത്തലത്തിലെ 'ബർജീൽ' സ്ഥലം ബർദുബൈ ആണെന്നു സൂചിപ്പിക്കുന്നു. എന്നാൽ സിനിമാപോസ്റ്ററുകൾ നൽകുന്ന സൂചന ദേര ആണെന്നാണ്. അവിടെയാണ് സിനിമാശാലകൾ അധികം ഉണ്ടായിരുന്നത്. നിഴലുകളുടെ ദിശയും ദേരയുടെ പ്രധാന തെരുവുകളെല്ലാം കിഴക്കു നിന്നും പടിഞ്ഞാറോട്ടാണ് എന്നതും പരിഗണിക്കുമ്പോൾ ആളുകൾ നടക്കുന്നത് പടിഞ്ഞാറു ഭാഗത്തേക്കാണ്. തെരുവിലെ പൊടിപടലങ്ങൾ ഉയർന്നിട്ടില്ല എന്നതാണ് ഈ ചിത്രത്തിൽ എന്നെ ആകർഷിച്ച സംഗതി. തെളിഞ്ഞ ആകാശത്തിനോടു പൊരുത്തപ്പെടുംവിധം ആളുകളുടെ വസ്ത്രങ്ങൾ തിളങ്ങുന്നു. ആളുകൾ ഒരുമിച്ചു പുറത്തിറങ്ങിയതായിട്ടാണു തോന്നുന്നത്. അതൊരു തൊഴിൽ ദിനമാണെങ്കിൽ, കഠിനമായ ദിവസമല്ല.



**1977 / DBCRK / SF05**

ചന്തയിലെ സ്ത്രീകളുടെ ആ കുറഞ്ഞ ഫോട്ടോഗ്രാഫുകൾ നഗരത്തെ കുറിച്ചെന്നതിനേക്കാളേറെ ഫോട്ടോഗ്രാഫർമാരെ കുറിച്ചാണു പറയുന്നത്. ദുബൈ പണ്ടും ഇപ്പോഴും പ്രധാനമായും പുരുഷന്മാരുടെ നഗരമാണ്. ചന്ത വ്യാപാരത്തിൽ സ്ത്രീകൾക്ക് യഥാർഥവും സാരവത്തുമായ പങ്കുണ്ടെന്ന് ഈ ഫോട്ടോഗ്രാഫ് വ്യക്തമാക്കുന്നു.

**1978 / DBCRK / MH02**




ദുബൈയുടെ ആദ്യകാല സമൃദ്ധി പല പ്പോഴും ബന്ധപ്പെട്ടിരിക്കുന്നത് യൂറോ പ്യൻ വിമാനങ്ങളിൽ ദക്ഷിണേഷ്യൻ തീരദേശങ്ങളിലേക്കുള്ള സ്വർണക്കടത്തി നോടാണ്. ലാഭം ഉറപ്പുള്ള ഈ പദ്ധതി ക്ക് അല്പായുസ്സേ ഉണ്ടായിരുന്നുള്ളൂ. 1970-ലായിരുന്നു അതിന്റെ മൂർധന്യം. വരും ദശകങ്ങളിൽ നഗരവികസനം ഏറ്റെടുക്കാൻമാത്രം വലുതായിരുന്നു ഈ വഴിയുള്ള ലാഭം. 1978-ൽ ബർദുബൈ യിൽ നിന്ന് എടുത്ത ഈ കട ജനലിന്റെ ഫോട്ടോ ദേരാ സ്വർണച്ചന്തയിൽ ഇന്ന് നിങ്ങൾ കാണുന്നതുപോലെ തന്നെയുള്ള താണ്. സ്വർണ വ്യാപാരത്തിന്റെ പ്രതാപ കാലത്ത് മഞ്ഞലോഹം മനോഹരമായി അലങ്കരിച്ചു പ്രദർശിപ്പിക്കാൻ നേരമോ അതിന്റെ ആവശ്യമോ ഉണ്ടാവുകയില്ല.

**1977 / DBCRK / MH10**



ദേരാ കടൽത്തീരത്തെ പുതിയ ബാങ്ക് സൗധങ്ങളും ഹോട്ടലുകളും ദുബൈയുടെ തിരക്കുപിടിച്ച, അടുക്കും ചിട്ടയുമില്ലാ ത്ത സമുദ്രഗതാഗതത്തിൽ വ്യത്തിയുള്ള ആധുനിക പശ്ചാത്തലമായാണ് ഫോട്ടോ എടുത്തിരിക്കുന്നത്. പക്ഷെ ഈ രണ്ടു ലോകങ്ങളും തീർത്തും വിഭിന്നമല്ല. വ്യാപാരികളുടെ സാമഗ്രികളും സംവി ധാനങ്ങളും അടക്കിവാഴുന്ന, കപ്പലിനു ചുറ്റുമുള്ള ചരക്കുകളും ചലനങ്ങളു മെല്ലാം നങ്കൂര കേന്ദ്രങ്ങളിൽ നിന്ന് കരയിലെ ചന്തകളിലേക്കും പുതുതായി സ്ഥാനം കയ്യടക്കിയ കെട്ടിടങ്ങളിലേക്കും ഒഴുകിക്കൊണ്ടിരിക്കുന്നു. കടലിടുക്ക് പ്രദേശത്തെ പുതിയ സൗധങ്ങൾക്കു ള്ള നിർമാണച്ചെലവ് ഈ വ്യാപാരം ഉണ്ടാക്കുന്നു. ആധുനിക വാസ്തുവിദ്യ തലയുയർത്തുന്നത് അതിന്റെ ഗ്ലാസ് ലോ ബികൾക്കകത്ത് തിക്കുമുട്ടുന്ന വ്യാപാരം ഒന്നുകൊണ്ടുമാത്രമാണ്.

**1977 / BSTKA / MH02**



വാസ്തുശില്പിയും ബസ്താകിയാ നിവാസിയുമായ റഷാദ് ബുക്കാശ് ഒരിക്കൽ എന്നോട് ഒരു ബസ്താകിയ ഗൃഹമേൽക്കൂരക്കു മുകളിൽ കാണിക്കു ന്ന സിനിമ മറ്റു മേൽക്കൂരക്കു മുകളിൽ സമ്മേളിച്ച കുടുംബങ്ങൾ കാണുന്നതി നെക്കുറിച്ച് പറയുകയുണ്ടായി. ഉയരം കൂടിയതും ചുറ്റുമതിലുകളുള്ളതുമായ പുതിയ മേൽക്കൂരപ്പുറങ്ങൾ ബർദുബൈ യിലെ സ്വകാര്യ ഇടങ്ങളുടെ പുതുരൂപ ങ്ങൾ എങ്ങനെയാണെന്ന് കാണിച്ചുതരു ന്നു. ഈ അടച്ചുകെട്ടിനു തെരഞ്ഞെടുത്ത, നീന്തൽക്കുളത്തിന്റേതുപോലുള്ള പുതീനപ ച്ചനിറം എന്നെ പ്രത്യേകം ആകർഷിച്ചു. ഈ കെട്ടിടത്തിന് അത് പരിരക്ഷയ്ക്കു ള്ള ഒരു രാജ്യഭരണക്രമം സ്ഥാപിച്ചതു പോലെ ആയിരുന്നു. പുറത്തെ നിറം 'ബർജീൽ' പുരകളുടേതുപോലെ മണ്ണിന്റേ ത്, പക്ഷെ അകം ചുമരുകൾ ഇഷ്ടത്തി നൊത്തും.



### 1977 / BSTKA / MH03

ഇങ്ങനെയുള്ള 'സിക്ക'കൾ അഥവാ
ഇടവഴികളിലൂടെയായിരുന്നു പഴയ
ദുബൈ ജില്ലകളുടെ ഗതാഗതം. ബാക്കി
യുള്ള സ്ഥലങ്ങളിലായിരുന്നു നിരത്തു
കളും കെട്ടിടങ്ങളും. പച്ചച്ചായമടിച്ച
വാതിലുകളും ഉമ്മറപ്പടികളും എന്നെ
1970-കളുടെ മധ്യത്തിൽ ദുബായിൽ
ആരംഭിച്ച പെയ്ന്റ് ഉല്പാദന പ്ലാന്റിനെ
ഓർമിപ്പിച്ചു. നാവിക നിർമാണ മേഖല
യിലെ ആവശ്യങ്ങൾ സൃഷ്ടിച്ച വിപണി
ആയിരുന്നു പ്ലാന്റിനു നിമിത്തമായത്.
ഈ സമയത്ത് സമുദ്ര വാണിജ്യ താല്പ
ര്യങ്ങൾ ദുബൈയുടെ നഗരഘടനയെതന്നെ
പരിവർത്തിപ്പിച്ചുകൊണ്ടിരിക്കുകയാ
യിരുന്നു. ഈ പച്ച തന്നെയായിരുന്നോ
ബസ്താക്കിയയിലെ മേൽക്കൂരത്തളങ്ങളി
ലെ പച്ച എന്ന് ഞാൻ അതിശയിക്കുന്നു.
ദുബൈ തുറമുഖത്ത് എത്തുന്ന 'ദോവ്സ്'
എന്നറിയപ്പെടുന്ന ബോട്ടുകളിൽ നിന്നും
കപ്പലുകളിൽനിന്നും കടം കൊണ്ടവ
ആയിരുന്നോ ഈ നിറം?



### 1977 / DBCRK / SF03

ദുബൈയുടെ പഴയനഗരജില്ലകൾ ഭൂ
തകാലത്തെ തരംതാഴ്ത്തിയത് അവ
പൊളിച്ചുമാറ്റിക്കൊണ്ടാണ്. അല്ലെങ്കിൽ
വർത്തമാനത്തിലും ഉത്സാഹത്തോടെ
അവ നിലകൊണ്ടു. ഇന്ത്യയിൽനിന്നു ഇറ
ക്കുമതി ചെയ്ത പഴഞ്ചൻ വാതിലിന്
പൗരാണിക 'ധോവുക'ളെ സംരക്ഷിച്ച
അതേ ചായം തന്നെ തേച്ചു. കോൺക്രീറ്റ്
വാരിപ്പൊത്തി ഉണ്ടാക്കിയതാണ് തൂണ്.
ഒരു ദശകം മുമ്പ് അത് ചെലവേറിയ
നിർമിതിയാണ്. മുഖപ്പ് നൂറുതേച്ചിട്ടുണ്ട്.
പക്ഷെ അതിനു മുകളിൽ പച്ചനിറം പൂ
ശിയിരിക്കുന്നു. മുമ്പ് നഗരത്തിന് പരിച
യമില്ലാത്തതാണിത്. വൈദ്യുതീകരിക്കാൻ
ഉദ്ദേശിക്കാതെ നിർമിച്ച വീട്ടിലേക്ക്
താൽക്കാലിക വയറിംഗിലൂടെ കണക്ഷൻ
എടുത്തിരിക്കുന്നു. ഗ്രീക്ക് ചിത്രങ്ങളു
ള്ള സ്ക്രീനുകൾ ചില ജനലുകൾക്ക്
സംരക്ഷണമൊരുക്കുന്നു. എല്ലാ ജനലുക
ളും കണ്ണാടി പതിച്ചവയല്ല. നാട്ടി വച്ച
കുഴലും അടപ്പും വഴിയാത്രക്കാർക്ക്
വെള്ളമെടുക്കാനുള്ള - സബീൽ - സംവി
ധാനമാണോ?



**1977 / DBCRK / MH02**

ദേര ചന്തക്കു വെളിയിലുള്ള സ്വർണക്കടകൾ സ്വർണ വ്യാപാരത്തിനു മാത്രമുള്ളവയാണ്. കടയുടമ പരമ്പരാഗത മരത്തടിഷട്ടറുകൾ കൊണ്ട് കട മറച്ചിരിക്കും. കൂടാതെ അലൂമിനിയത്തിന്റെയും ഗ്ലാസിന്റെയും സംരക്ഷണക്കൂടുകളും ഉണ്ടാവും. ചിലപ്പോൾ അവ എയർകണ്ടീഷൻ ചെയ്തെന്നുമിരിക്കും. സ്വർണവ്യാപാരം പണ്ട് ചന്തയുടെ പിന്നാമ്പുറങ്ങളിലെ വിലപേശൽ വില്പനയായിരുന്നു. 1970കളുടെ ഒടുവിൽ മുൻവാതിൽ പ്രവേശനമുള്ള കച്ചവടമായി.



**1977 / DBCRK / SF07**

ഇറാനിലേക്കോ പാക്കിസ്താനിലേക്കോ യാത്ര ചെയ്യാൻ പറ്റിയതായിരുന്നില്ല ഈ ചെറിയ യന്ത്രബോട്ട്. റാഷിദ് തുറമുഖത്ത് നങ്കൂരമിട്ടിരിക്കുന്ന വലിയ കപ്പലിലേക്ക് ജോലിക്കാർക്കാവശ്യമായ വാഴപ്പഴങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ കൊണ്ടുപോവുകയും അതിൽ കപ്പലിന്റെ വീതികൂടിയ പള്ളയിൽ ചില ജനലുകൾ അമർത്തിയടച്ചിരിക്കുന്നു. യുഎഇയിലെ ചെറുകിട സമീപ തുറമുഖങ്ങളിക്ക് ചുരുങ്ങിയ ദൂരം താണ്ടി സാധനങ്ങൾ കൊണ്ടുപോവാനുള്ളവയാണ് ഈ ബോട്ടുകൾ എന്ന് ഈ രൂപഘടന കണ്ടാൽ ബോധ്യമാകും. ഈ ബോട്ടിൽ കനംകുറഞ്ഞ ചരക്കുകൾ മുകളിലേക്ക് കയറ്റിവെക്കുന്നു. ബോട്ടിലെ തൊഴിലാളികൾക്ക് കാല് നീട്ടിവെക്കാനും വ്യാപാരച്ചരക്കുകൾക്കു സമീപം ചുരുണ്ടുകൂടിക്കിടക്കാനും ഇതു സൗകര്യമൊരുക്കുന്നു.





**1977 / DBCRK / MH12**

ചരക്കു കപ്പൽ പരുക്കൻ യാത്ര കഴിഞ്ഞു വന്നതാണ്. അതിന്റെ മരത്തൂണുകൾ നനഞ്ഞു കുതിർന്നു ചീർത്തിരിക്കുന്നു. നല്ല മുട്ടും തട്ടും കിട്ടിയിട്ടുണ്ട്. ഒരു പുതിയ റോഡ് മോട്ടോർ സൈക്കിളും ഒരു റഫ്രിജറേറ്ററും വന്നിരിക്കുന്നു. 2020-ൽ ദുബൈ കടലിടുക്കിലും സഊദ് തുറമുഖത്തും ഇതേപോലെയുള്ള നിമിഷങ്ങൾക്കു സാക്ഷ്യം വഹിക്കാം. അതിനു പക്ഷെ നിങ്ങൾ സൂക്ഷിച്ചു നോക്കേണ്ടതായിവരും.



**1978 / DBCRK / SF01**

ദേരയിലെ അൽകബീർ തെരുവിലൂടെ ഇന്ന് നടന്നുപോവുന്ന ഒരാൾ പ്രാചീന പാതയായതുകൊണ്ടാണ് അത് ഇടുങ്ങിയിരിക്കുന്നത് എന്ന് തെറ്റായി ചിന്തിക്കാൻ ഇടയുണ്ട്. എന്നാൽ സംഗതി അങ്ങനെയല്ല. റിയൽ എസ്റ്റേറ്റ് പിടുത്തതതിന്റെ ഫലമാണത്. 1960കളുടെ ഒടുവിൽ ആ തെരുവുകൾ ഇതിലും വിശാലമായിരുന്നു. അറ്റങ്ങളിൽ ഇഷ്ടംപോലെ പാർക്കിംഗ് സൗകര്യം ഉണ്ടായിരുന്നു. 1978-ൽ തെരുവിന്റെ ഒരു വശവും രണ്ടു തലമുറയിൽപ്പെട്ട ആധുനിക മന്ദിരങ്ങളുണ്ടായിരുന്നു. ഇന്ന് അവയുടെ സ്ഥാനത്ത് കൂടുതൽ നടവഴികൾ ആവശ്യമുള്ള വലുതും വിശാലവുമായ കെട്ടിടങ്ങൾ വന്നു. അങ്ങനെ വിശാലമായ പൊതുവഴിയുടെ നല്ലൊരു ഭാഗം കെട്ടിടങ്ങൾ സ്വന്തമാക്കി.





**1977 / ONEDG / MH04**

ഇതു വശത്തു കാണുന്ന നിർമാണ സ്ഥലം ഒരുപക്ഷെ ദുബൈ ടവറിന്റെതും അതിന്റെ അടുത്ത് കാണുന്നത് ദേരാ ടവറിന്റേതും ആവാം. വലതു ഭാഗത്തു കാണുന്ന സ്ഥലം ഒരിക്കൽ സിനിമാ സ്ക്വയർ ആയിരുന്നു. പിന്നീടത് നാസ്സർ സ്ക്വയർ ആയി. ഇപ്പോൾ ബനിയാ സ്ക്വയർ എന്നറിയപ്പെടുന്നു. നിലം മോടി പിടിപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കോൺക്രീറ്റു ശിലകളും പച്ചപ്പുൽത്തകിടിയും നേരത്തെ വെളിമ്പ്രദേശമായിക്കിടന്ന ഈ സ്ഥലത്തിന് ചിത്രം വരച്ചതുപോലെയുള്ള ആകൃതി നൽകിയിരിക്കുന്നു. വലതുഭാഗത്ത് ഫൊണീഷ്യാ ഹോട്ടലുമുണ്ട്. ബെയ്ദുതിലെ ഒറിജിനൽ ഫൊണീഷ്യാ ഹോട്ടലുമായി അതിനു ബന്ധമില്ല. അതുമായി ബന്ധമുണ്ടെന്നു തോന്നിക്കാൻ ആ പേരിട്ടു എന്നുമാത്രം. 'അഖ്ബാർ ദുബൈ' എന്ന മാഗസിൻ ദുബൈയെ ഒരിക്കൽ വിശേഷിപ്പിച്ചത് "കിഴക്കിന്റെ ഫൊണീഷ്യ' എന്നാണ്.

## 1976 / DBCRK / MH03



ദേരയിൽ നിന്ന് എടുത്തതാവാൻ സാധ്യതയുള്ള ഈ ചിത്രം ദുബൈയിലെ പുതുതായുണ്ടാക്കിയ ജില്ലകളിൽ നടപ്പാതകൾ നിർമിക്കുന്നതിന്റെയും നിരത്തുകൾ ടാർ ചെയ്യുന്നതിന്റെയുമാണ്. നഗര വികസനത്തിനുള്ള 1960 കളിലെ മാസ്റ്റർ പ്ലാൻ നിലവിലുള്ള നഗരത്തിന്റെ പല ഭാഗങ്ങളും ഉദ്ദേശ്യപൂർവം ഒഴിച്ചിട്ടിരിക്കുകയാണ്. റോഡുകൾ എവിടെയെല്ലാം ആണ് എന്ന് അതിൽ കാണിച്ചിട്ടില്ല. പകരം മുനിസിപ്പാലിറ്റിയും സ്വത്തുടമകളും തമ്മിൽ ചർച്ച ചെയ്ത് എവിടെയൊക്കെ റോഡുകൾ ആവാമെന്നു തീരുമാനിക്കാൻ നിശ്ചയിച്ചിരിക്കുകയാണ്.

## 1978 / BSTKA / SF01



ബസ്താക്കിയയുടെ മറ്റു ഭാഗങ്ങളെല്ലാം ജനസാന്ദ്രമാണ്. ഈ അനുകൂല സ്ഥലം സാധാരണ കാറ്റുഗോപുരത്തിന്റെ വിശദാംശങ്ങളേക്കാൾ കൂടുതലായെന്തോ വാഗ്ദാനം ചെയ്യുന്നുണ്ട്. വലുതായിക്കൊണ്ടിരിക്കുന്ന കുടുംബത്തിനു പാർക്കാൻ മാത്രം വീടു വികസിക്കുന്നതിന്റെ അടയാളങ്ങൾ വായിച്ചെടുക്കാം. സാങ്കേതിക വിദ്യയുടെ തട്ടുകളാണ് അനാവൃതമാകുന്നത്. ചുണ്ണാമ്പും കളിമണ്ണുംപോലെയുള്ള പരമ്പരാഗത ഗൃഹനിർമാണ സാമഗ്രികളുടെ സമീപകാല ഉപയോഗം അവിടെ നടന്നിട്ടുണ്ട്. താരതമ്യേന പുതിയ നിർമാണ വസ്തുവായ കോൺക്രീറ്റ് തറയെ തറ ഈർഷത്തിൽ നിന്നു രക്ഷിക്കുന്നു. പാരപ്പറ്റിലേക്ക് വായു സഞ്ചാരം സുഗമമാക്കുന്ന ദ്വാരങ്ങളുള്ള ചുറ്റുമറ നവീകരിച്ചിരിക്കുന്നു. ഓവുചാലുകളും കുഴലുകളും മുകൾ നിലകളിലെ ജലലഭ്യതയെയും അതുമൂലമുണ്ടായ കേടുപാടുകളെയും പരസ്യപ്പെടുത്തുന്നു. എല്ലായിടത്തും വൈദ്യുത ലൈനുകൾ തലങ്ങും വിലങ്ങും കടന്നുപോവുന്നു. മേൽക്കൂരക്കു മുകളിലെ ആന്റിന ദുബൈ ടിവി പ്രക്ഷേപണങ്ങൾ പിടിച്ചെടുക്കുന്നു. കുവൈത്തിൽ നിന്നുള്ള ചില പ്രക്ഷേപണങ്ങളും കിട്ടുന്നുണ്ടാവാം.

**1977 / DBCRK / SF08**



ദേരയിലെ അൽസബ്ക്കയിലെ 'അബ്ര' സ്റ്റേഷനിൽ അടുത്ത കാലത്ത് ഉറച്ചു പോയ കടിലിടുക്കിന്റെ അറ്റത്ത് താഴോട്ട് വെള്ളത്തിലേക്ക് ഇറങ്ങാൻ പടവുകൾ വെട്ടിയിരിക്കുന്നു. ദേരയുടെ ഏറ്റവും അടുത്തു കാണിക്കുന്ന ആധുനിക കെട്ടിട നിര പിന്നാമ്പുറത്തെ ഭൂമി തിരിച്ചുപിടി ച്ചു. ഇടതുഭാഗത്തെ രണ്ടാമത്തെ കെട്ടിടം ദുബൈ നാഷനൽ ബാങ്ക് ആണ്. അതേ നിരയിൽ ഭാവിയിൽ വരാനിരിക്കുന്ന കെട്ടിടങ്ങൾക്കുള്ള മാർഗ സൂചനയായി അതു നിലകൊള്ളുന്നു. അതിന്റെ വലത്ത് ബാങ്ക് മില്ലി ഇറാൻ ആണ്. ആദ്യത്തെ കെട്ടിടത്തിന്റെ അതേ രൂപത്തിന്റെ പകർപ്പ്. നിയമങ്ങളല്ല റിയൽ എസ്റ്റേറ്റ് വിലകളാണ് ഭാവിയിൽ കെട്ടിടങ്ങളുടെ രൂപവും വലിപ്പവും നിർണയിക്കുക എന്ന് തുടർന്നുവരുന്ന രണ്ടു കെട്ടിടങ്ങൾ പ്രവചിച്ചു.

**1977 / DBCRK / SF01**



സ്റ്റീഫൻ ഫിൻമിന്റെ കണ്ണുകൾ ഒപ്പിയെ ടുത്ത ഏതാനും നിർമാണ പദ്ധതികളിൽ ഒന്നാണ് ദേരയിലെ ദുബായ് മുനിസിപ്പാ ലിറ്റി കെട്ടിടം. ഫിൻമ് ജോലി ചെയ്ത ജോൺ ആർ ഹാരിസ് & പാർട്ണേ ർസ് എന്ന സ്ഥാപനത്തിന് പദ്ധതിയു ടെ ഡിസൈൻ മത്സരത്തിൽ പരാജയം നേരിട്ടു. ജപ്പാനീസ് സ്ഥാപനമായ പസഫിക് കൺസൽട്ടന്റ്സ് ആണ് അത് സ്വന്തമാക്കിയത്. പുറത്തിനും അക ത്തിനുമിടയിൽ താൽക്കാലിക ആസ്ഥാ നമുണ്ടായിരുന്ന വലിയ പദ്ധതികളിൽ ഒന്നായിരുന്നു അത്.

**1977 / DBCRK / MH11**



ദേരയിലെ പേരില്ലാചന്തയിലെ കച്ചവ ടപ്പീടികകൾ നഗരത്തിന്റെ, ചുളുങ്ങിയ ഉരുക്കും വെയിലുകൊണ്ട് വെളുത്ത പാഴ്‌വസ്തുക്കളുംകൊണ്ടു നിർമിച്ച പഴയ കെട്ടിടങ്ങളിലായി നീണ്ടുകിടക്കു ന്നു. പശ്ചാത്തലത്തിൽ കാണുന്ന പുതിയ കെട്ടിടങ്ങൾ ഇപ്പോഴത്തെ ആവശ്യങ്ങ ൾ നിറവേറ്റുക എന്ന ഉദ്ദേശ്യത്തോടെ പണിതവയാണെന്നു തോന്നുന്നു. ഒരു കെട്ടിടത്തിന്റെ മുകൾനില നിറയെ പെട്ടി കളാണ്. പുതിയ ഇടങ്ങൾ വീടുകളായോ ഓഫീസുകളായോ ആയി ഉപയോഗിക്കു ന്നതിനേക്കാൾ ലാഭകരമാണോ ചരക്കു സൂക്ഷിപ്പു കേന്ദ്രങ്ങളായി ഉപയോഗിക്കു ന്നത്?



**1977 / DBCRK / MH07**

മിക്ക പരമ്പരാഗത കടകൾക്കും നീല നിറത്തിലുള്ള ഷട്ടറുകളാണുള്ളത്. കഴിഞ്ഞ ദശകങ്ങളിലെ കറുപ്പ്, വെള്ള ചിത്രങ്ങളിൽ നിന്ന് 1950-കളിലും 1960-കളിലും ഇതായിരുന്നോ സ്ഥിതി എന്ന് ഉറപ്പിക്കാൻ പറ്റില്ല. വാണിജ്യ സ്ഥലങ്ങൾ ഓരോന്നും എണ്ണിത്തിട്ടപ്പെടുത്തി രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി ദുബൈ തെരുവുകൾക്ക് ക്രമീകരണം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ മുനിസിപ്പാലിറ്റി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിലാവണം ഇങ്ങനെയുള്ള ചായം നൽകൽ.



**1977 / ONEDG / MH07**

മിച്ചം വന്ന നിർമാണ സാമഗ്രികൾ ദേരയിൽ ഒരു നിർമാണ സ്ഥലം ഒരുക്കുന്നു.1970-കളിൽ ദേരയിലുടനീളമുണ്ടായ ത്വരിതഗതിയിലുള്ള നിർമാണ പ്രവൃത്തികൾ കൂടുതൽ പാഴ്വസ്തുക്കൾ സൃഷ്ടിച്ചു. അവയിൽ പുനരുപയോഗിക്കാൻ പറ്റാത്തവ നഗരത്തിനു വെളിയിൽ കൂട്ടിയിട്ടു തീ കൊളുത്തി. അവയിൽ പലതും പക്ഷെ ആളുകൾ വീടുകളുടെ തല ഒരുക്കാൻ ഉപയോഗപ്പെടുത്തി. ഇവിടെ കാണുന്നത് പോലെ അടുത്ത നിർമാണ സ്ഥലമായി അതു മാറി. കൂടുതൽ പാഴ്വസ്തുക്കൾ കൂടുതൽ നിർമാണത്തിന്റെ അടയാളമാകുന്നു.



**1977 / ONEDG / MH01**

ബർദുബൈ ചന്തയിൽ നിന്ന് തദ്ദേശവാസികൾ ഉയർന്നുവരുന്ന ബാങ്ക് ഓഫ് ബറോഡയിലേക്ക് നടന്നുനീങ്ങുന്നു.

പഴയ നഗരഘടനയിലേക്ക് വലിയ വീരസ്യത്തോടെയുള്ള കൂട്ടിച്ചേർക്കലാണ് ബറോഡ ബാങ്ക്. വേൾഡ് ട്രേഡ് സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിച്ച സ്ഥലത്തു നിന്ന് അധികം ദൂരെ ആയിരുന്നില്ല ഈ സ്ഥലം. ദുബൈക്കും റാഷിദ് തുറമുഖത്തിനും ഇടയിൽ.



**1977 / ONEDG / MH02**

ഈ ഉയരം കൂടിയ കെട്ടിടം ദേരയിൽ നാസർ സ്ക്വയറിനു സമീപം ആയിരുന്നിരിക്കണം.

പഴയ, ഉയരം കുറഞ്ഞ കെട്ടിടങ്ങൾ തെരുവിനു നേരെ കുറുകെയാണ്. കൂറ്റൻ പരസ്യപലകകൾ ദുബൈ കടലിടുക്കിലേക്ക് ആരവത്തോടെ വിളിക്കുമ്പോൾ വലത്തോട്ടുള്ള വഴിയടയാളം ആ പ്രദേശത്തേക്കുള്ള വഴി കാണിക്കുന്നു. പൊളിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ പശ്ചാത്തലത്തിലാണ് ഹാരിസ് ചിത്രം ചട്ടക്കൂടിലാക്കിയിരിക്കുന്നത്. 1977 ൽ പൊളിച്ച പഴയ തലമുറയിലെ കോൺക്രീറ്റ് കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളാണ് കൂട്ടിയിട്ടിരിക്കുന്നത്. ഘടനാപരമായ പിഴവോ ദുബൈ റിയൽ എസ്റ്റേറ്റിന്റെ ഉയർന്ന സന്ദിഗ്ധാവസ്ഥയോ ആവാം കാരണം.



### 1977 / DBCRK / MH06

പ്രതിരോധ ഗോപുരം ഇപ്പോഴും ബർദുബൈയുടെ പടിഞ്ഞാറ് അൽഷിന്ദാഗയുടെ മുനമ്പിലാണ്. നേരത്തെ നടന്ന സംരക്ഷണ പ്രചാരണമാവാം അതിന്റെ ആയുസ്സ് നീട്ടിയത്. ദുബൈയിലെ ആദ്യത്തെ നിരത്തുകളിൽ ഒന്നായ, കടലിടുക്ക് പാലം മുതൽ പുതിയ റിംഗ് റോഡ് വരെയുള്ള വിശാലമായ പാത ഒരുക്കിയത് പ്രതിരോധ ഗോപുരത്തിന് കേടൊന്നും വരാത്തവിധം സംരക്ഷിക്കുന്ന രീതിയിലാണ്. രംഗനിരീക്ഷണം നടത്തുക എന്ന പഴയ ഉദ്ദേശ്യം ഗോപുരം ഇപ്പോൾ നിറവേറ്റുന്നില്ലെങ്കിലും. ഗോപുരത്തിനു ചുറ്റും മുമ്പുണ്ടായിരുന്ന തിരക്കു പിടിച്ചമായ മക്കാനികളുടെയും കടൽ വ്യവസായങ്ങളുടെയും സ്ഥാനത്ത് ഇപ്പോഴുള്ളത് വ്യാജ-പരമ്പരാഗത വാസ്തുശില്പങ്ങളാണ്.



### 1977 / ONEDG / MH05

റാഷിദ് തുറമുഖം തുറന്നതോടെ നഗരത്തിലൂടെ അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുപോവുന്ന കെട്ടിട നിർമാണ സാമഗ്രികളിൽ വൻവർധന ഉണ്ടായി. ചിത്രത്തിന്റെ വലതു ഭാഗത്ത് ദേരയിലെ ഒരു ജനവാസകേന്ദ്രം, മെലിഞ്ഞ വീണ്ടും ഉപയോഗിക്കാവുന്ന പലകത്തട്ടിനകത്ത്, രൂപപ്പെട്ടുവരുന്നു. അടിച്ചു കൂട്ടിയിട്ട കെട്ടിടാവശിഷ്ടങ്ങളുടെ കൂമ്പാരമാണ് ഒരു മൂലയിൽ. പുനരുപയോഗയോഗ്യമായ ലൊട്ടുലൊടുക്കു സാധനസാമഗ്രികൾ. മൂലയിലെ പീടികമുറി അധികം നിലനിന്നില്ല. രക്ഷിച്ചെടുത്ത പ്രതലങ്ങളിൽ നിന്ന് ഈ കട ഉയർന്നു വരുന്നു. തെരുവിൽ നിന്നു ചുരണ്ടിയെടുത്ത, ബാക്കി വന്ന കോൺക്രീറ്റ് നിറച്ചുവെച്ച, പഴയ പെയ്ന്റ്കാനുകൾ കൊണ്ടുണ്ടാക്കിയ വ്യായാമ ഉപകരണങ്ങൾ ശ്രദ്ധിക്കുക.



**1976 / WTCTR / MH02**

അബൂദാബിയിൽനിന്നു വണ്ടിയോടിച്ചുവരുന്ന ആൾ ദുബൈയിൽ പ്രവിശിക്കുമ്പോൾ ആദ്യം കണ്ണിൽപ്പെടുന്ന കാഴ്ച ലോക വ്യാപാര കേന്ദ്രത്തിന്റെ നിർമാണമാണ്. പുറത്ത് മരുഭൂമിയിൽ ആണ് അത് എന്നു തോന്നാം. പക്ഷെ വലതുഭാഗത്തുള്ള ഭൂമി നേരത്തെ അടയാളപ്പെടുത്തി വെച്ചിട്ടുണ്ട്. ഒന്നാം ഗോപുരം മുതൽ വിഭാവന ചെയ്യുന്ന വിശാലമായ വിപുലീകരണം അതിൽ വിഭാവന ചെയ്തിരിക്കുന്നു.



## 1977 / ONEDG / MH03

ഉദ്യാനപാലകൻ ഉദ്യാനം നോക്കുന്നു. ഈ ചിത്രം എവിടെ നിന്നാണ് പകർത്തിയതെന്ന് മാർക്ക് ഹാരിസിന് ഓർമയില്ല. പണിതുയർത്തിയ പട്ടണത്തിന് - മരുഭൂമിയിലെ നിറങ്ങൾക്കിടയിൽ തിരുകിവച്ച ചിത്രപ്പലകയാണത്. അപ്പുറത്ത് നിന്നെവിടെയോ നിന്നാവാം അത്. മുനിസിപ്പൽ ജലനാളികൾ ഇത്ര ദൂരം എത്തിയിരിക്കാൻ സാധ്യതയില്ല. ഏതോ ഭൂഗർഭജലാശയത്തിൽനിന്ന് വെളുത്ത ഹോസ് വഴി കൊണ്ടുവന്നതാവാം വെള്ളം. അല്ലെങ്കിൽ ഫോട്ടോയിൽ പതിയാത്ത, പുറത്ത് പാർക്ക് ചെയ്ത വണ്ടിയിലെ ടാങ്കിൽ നിന്ന്.



## 1977 / KRTUN / SF07

കാർത്തൂനിൽ പള്ളികളും മിനാരങ്ങളുമല്ലാതെ മറ്റു കെട്ടിടങ്ങളൊന്നും അധികം ഈടുള്ള വസ്തുക്കൾകൊണ്ട് നിർമിക്കുന്ന പതിവില്ല. 'കാർഡ്ബോർഡ്' എന്നർത്ഥമുള്ള അറബിവാക്കിൽ നിന്നാണ് ജില്ലയുടെ പേര് വന്നിരിക്കുന്നത്. പെയ്ന്റ് അടിച്ചിരിക്കുന്നതിൽ നിന്ന് കോൺക്രീറ്റ് കട്ടകൾ കൊണ്ടുണ്ടാക്കിയ ഈ വീടുകളുടെ അപൂർവത മനസ്സിലാക്കാം.



## 1977 / KRTUN / SF02

നിർമിത നഗരത്തിനപ്പുറം സ്വയംഭൂവായ ചേരികളുടെ ജില്ലയായ കാർത്തൂന്റെ അതിർത്തിക്കപ്പുറം അവശിഷ്ട വസ്തുക്കളുടെ കൂന ആടുകൾക്കുള്ള കുന്ന് ആക്കിയിരിക്കുന്നു. മനുഷ്യ നിർമിതമേട് നിർമിത വസ്തുക്കളും കെട്ടിട സാമഗ്രികളും വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രമായിരുന്നിരിക്കണം. ഇറക്കുമതിയും ഉപഭോഗവും സാധനങ്ങളുടെ കൈമാറ്റവും ഇന്നത്തേതുപോലെ കാര്യക്ഷമമോ സ്ഥായിയായ വ്യവസ്ഥയോ ആയിരുന്നു അന്ന് എന്ന് വിചാരിക്കരുത്. മറിച്ച് എന്തും ചെയ്തേക്കാവുന്ന ഗതികെട്ട അവസ്ഥയെയാണ് അതടയാളപ്പെടുത്തുന്നത്.



**1977 / KRTUN / SF06**

മുതിർന്നവർ ക്യാമറയെ സംശയത്തോടെ കണ്ടപ്പോൾ കുട്ടികൾ അതിനെ ആഹ്ലാദ പൂർവം സ്വീകരിച്ചതായി സ്റ്റീഫൻ ഫിഞ്ച് ഓർക്കുന്നു. ഒരു കുട്ടി ഒരു ദിർഹം നോട്ട് കൈയിൽ പിടിച്ചിട്ടുണ്ട്. ഫോട്ടോക്ക് നിന്നുകൊടുത്തതിന് അവനു കിട്ടിയ പ്രതിഫലമാവാം. കുട്ടികൾക്കു പിന്നിൽ ലോഹത്തകിടുകളും പ്ലൈവുഡും മറ്റും ഉപയോഗിച്ചു നിർമിച്ച വീടുകൾക്കിടയിൽ ഒരു കോർണർ ഷോപ്പ്. കാറ്റ് നിറയ്ക്കാവുന്ന ബീച്ച് പന്ത് വില്പനക്കു വെച്ചിട്ടുണ്ട്.



**1977 / KRTUN / SF04**

കാർത്തൂനിൽ ദുബൈ മുനിസിപ്പൽ അധികൃതർ വിശാലമായ റോഡുകളും കെട്ടിമറച്ച കെട്ടിടങ്ങളും കണിശതയോടെ നിലനിർത്തിപ്പോന്നു. കുറഞ്ഞ കാറുകൾ മാത്രമുള്ള നഗരത്തിന് പൊതുനിരത്തുകൾ പ്രാഥമികമായും പൊതു സുരക്ഷാ ശമന വണ്ടിക്ക് അതിവേഗം കടന്നുപോവാൻ മാത്രം വിശാലമായിരിക്കും അത്. തീ പടരാതിരിക്കുന്നതിനുള്ള തടസ്സങ്ങളായും നിരത്തുകൾ നിലകൊണ്ടു. കാർത്തൂന്റെ നഗരപദ്ധതി അനുസരിച്ച് ഒരു ഭാഗത്തെ വീടുകൾ അഗ്നിക്കിരയായാലും മറുഭാഗത്തേക്ക് തീ പടരുകയില്ല. കുറഞ്ഞത് അല്പസമയത്തേക്കെങ്കിലും.





**1977 / KRTUN / SF03**

1979 ൽ ദുബൈ കടലിടുക്കിലെ ബസ്താക്കിയയിലുള്ള മിക്ക വീടുകളും എയർകണ്ടീഷൻ യൂനിറ്റുകൾകൊണ്ട് ശീതീകരിച്ചിരുന്നു. എന്നാൽ അതേസമയം കാർത്തൂനിലെ വീടുകളിൽ പൊളിഞ്ഞുവീഴാറായ 'ബർജീൽ' ടവറുകളാണ് കാറ്റിനെ തണുപ്പിച്ചിരുന്നത്. ചൂടുള്ള ദിവസങ്ങളിൽ തുണികളോ കാർഡ് ബോർഡുകളോ മരത്തടികൊണ്ടുള്ള ഉരുപ്പടിയിൽ വച്ചുകെട്ടി കാറ്റുഗോപുരങ്ങൾക്ക് ജീവൻ വെപ്പിച്ചു. സ്റ്റീഫൻ ഫിഞ്ച് കാർത്തൂൻ സന്ദർശിച്ചത് തണുപ്പുകാലത്തായിരുന്നു. കാറ്റുഗോപുരങ്ങൾക്ക് അപ്പോൾ വലിയ ആവശ്യം ഉണ്ടായിരുന്നില്ല. അതിനാൽ അവ പൊള്ളയായി നിന്നു. ആദ്യത്തെ 'ബർജീൽ' ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ദുബൈയിലെ കെട്ടിടങ്ങളുടെ ആകാശത്തെ നിർവചിച്ചിരുന്നത്. അതിനാൽ പവിഴപ്പുറ്റ്, ചുണ്ണാമ്പ് തുടങ്ങിയ വസ്തുക്കളേക്കാൾ ആക്രി സാധനങ്ങൾ കൊണ്ടായിരുന്നു അവ നിർമിച്ചിരുന്നത്.



**1977 / DBCRK / MH09**

'ധോവി'ൽ പണിയെടുത്തിരുന്ന ആളുകൾ പലപ്പോഴും താമസിച്ചിരുന്നത് ദുബൈയിൽ നങ്കൂരമിടുന്ന കപ്പലുകളിൽ ആയിരുന്നു. കപ്പൽ കമ്പനി നിലനിർത്തിക്കൊണ്ടുപോവുക എന്നതല്ലാത്ത ധനാഗമ മാർഗമൊന്നുമില്ലാത്ത പ്രവൃത്തിരഹിത വേളകൾ കടൽത്തൊഴിലിന്റെ ഭാഗമായിരുന്നു. ദേരയുടെ മറുകരയിൽ നടക്കുന്ന പുതിയ മുനിസിപ്പാലിറ്റി നിർമാണ പ്രവർത്തനങ്ങൾ ഈ ആളുകൾക്ക് നോക്കിക്കാണാമായിരുന്നു.

# അരികുകളിൽ വേദിയിൽ
# 1970-കളിലെ ദുബൈ രംഗങ്ങൾ

1976 നും 1979 നും ഇടയ്ക്കുള്ള ദുബായിയുടെ 58 ചിത്രങ്ങൾ ആണിത് ഒരോ നഗര വാസിയും ഭാവി നഗരം യാഥാർത്ഥ്യം ആക്കുന്നതിന് സ്വയംസമിർപ്പിച്ചതായാണ് തോന്നുന്നത്. ചിത്രമേൽനോട്ടക്കാരും വാസ്തുവിദഗ്ധരായ സ്റ്റീഫൻ ഫിഞ്ചും മാർക്ക് ഹാരിസും തങ്ങൾക്കും സഹപ്രവർത്തകരും ഉള്ള ദൃശ്യ രേഖയായാണ് ഈ ഫോട്ടോകൾ എടുത്തത്. ജോൺ ആർ ഹാരിസ് ആൻറ് പാർട്ണേർസിൻറെ ആർക്കിടെക്ചർ സ്ഥാപനവുമായി ബന്ധം ഉള്ളവരായിരുന്നു ഇരുവരും. ദുബൈയെ രേഖപ്പെടുത്താനല്ല പരിവർത്തിപ്പിക്കാൻ നിയോഗിക്കപ്പെട്ടവരായിരുന്നു അവർ. ജമീൽ ആർട്സ് സെൻററിൻറെ മേൽനോട്ടക്കാരുമായും വാസ്തുശില്പിയും എഴുത്തുകാരനുമായ ടോഡ് റീസും ചേർന്ന് ആർക്കിടെക്റ്റുകൾ എടുത്ത ഫോട്ടോകൾ എല്ലാം സിറ്റിയിൽ പ്രദർശനത്തിന് വേണ്ടി ഒന്നിച്ചു ചേർത്ത് തയ്യാറാക്കി.

ആർക്കിടെക്ടുമാരുടെ സ്ഥാപനം 1960ൽ നഗരത്തിന്റെ ആദ്യ ടൗൺ പ്ളാൻ തയ്യാറാക്കി. ഈ ഫോട്ടോകൾ എടുക്കുന്ന സമയത്ത് അവർ അന്ന് വരെയുള്ള ദുബായിയുടെ ഏറ്റവും മോഹനനമായ പ്രൊജക്ട് ആയിരുന്ന ലോക വ്യാപാര കേന്ദ്രത്തിന്റെ നിർമാണത്തിന് നേതൃത്വം വഹിക്കുകയായിരുന്നു. ഇൻറർനാഷണൽ ട്രേഡ് ആൻറ് എക്സിബിഷൻ സെന്റർ എന്നായിരുന്നു ആ സമയത്ത് അറിയപ്പെട്ടിരുന്നത്. അത് ഒരു പ്രദർശനസ്ഥലവും സ്വയം തന്നെ ഒരു പ്രദർശന വസ്തുവും ആയിരുന്നു. ദുബായിലെ ഭാവി വികസന പ്രവർത്തനങ്ങൾ എങ്ങനെ ആയിരിക്കും എന്നതിൻറെ സൂചനയും അത് നൽകി.

ദുബൈ കടലിടുക്കിന് ചുറ്റും താമസിക്കുന്ന ദുബൈ യുടെ പഴയ സ്ഥലങ്ങളിലെ ആളുകൾക്ക് ലോക വ്യാപാര കേന്ദ്രം പോലെയുള്ളവ പണിയുന്നതിനും നോക്കി നടത്തുന്നതിനുള്ള കരാറുകൾ ലഭിച്ചു. നഗരത്തിലായിരുന്നു അവരുടെ ജീവിതം. പ്രദർശനം ആരംഭിച്ചതോടെ മുനിസിപ്പൽ സംഘാടനം, ആത്മ വിശ്വാസത്തോടെ യുള്ള എൻജിനീയറിങ് പദ്ധതികൾ, റിയൽ എസ്റ്റേറ്റ് വികസനം എന്നിവ ദുബൈയുടെ പരിവർത്തനം വിളംബരം ചെയ്തു. അംബരചുമ്പികളുടെ തെക്ക് ഭാഗത്തേക്കുള്ള നീക്കം മുൻകൂട്ടി തയാറെടുപ്പ് നടത്തിയ പ്രവർത്തിയുടെ ഉജ്ജ്വലമായ തുടർച്ച ആയിരുന്നു.

ദുബൈ നഗരത്തിന്റെ സമീപകാല നിർമ്മാണ പദ്ധതികൾ മനസ്സിൽ വെച്ച് വിലയിരുത്തുന്ന പക്ഷം 1970 കളിലെ ദുബൈ ആകർഷകവും ഔചിത്യം ഉള്ളതും ആധികാരികവും ആയിരുന്നു എന്ന് കാണാം. ഈ ഫോട്ടോകളിൽ പ്രഭ ചൂടി നിൽക്കുന്നത് സഹനത്തിന്റെ കമാനങ്ങളും അഭിവാഞ്ഛയുടെയും മനോദാർഢ്യത്തിൻറെയും ഒഴുകിപ്പോയ സന്ദർഭങ്ങളും ആണ്. ഇന്ന് നിങ്ങൾ കാണുന്ന ദുബൈയെ പ്രവചിക്കാൻ കഴിയുന്നവരായിരുന്നില്ല ഈ ഫോട്ടോകളിൽ കാണുന്ന ആരും. പ്രദേശ വാസികൾ വലിയ സാദ്ധ്യതകൾ സങ്കൽപ്പിച്ചിട്ടുണ്ടാവാം. പക്ഷേ അത് പ്രദർശിപ്പിക്കാൻ അസാമാന്യമായ തന്റേടം തന്നെ വേണം.